**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 216** **27-06-2022 - ൽ മറുപടിയ്ക്ക്**

**ചെള്ളുപനി വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചെള്ളുപനി വർദ്ധിക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കണക്കുകൾ പരിശോധിച്ചതിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കേസുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. |
| (ബി) | ചെള്ളുപനി പടരാതിരിക്കാൻ എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | ചെള്ളുപനി പടരാതിരിക്കാൻ വിവിധ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>രോഗ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി രോഗ നിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ട്.<br><br>രോഗ പരിശോധനയ്ക്ക് വേണ്ട സംവിധാനം ജില്ലകളിൽ സജ്ജമാക്കിയിട്ടുണ്ട്.<br><br>ചെള്ളുപനി റിപ്പോർട്ട് ചെയ്തിട്ടുള്ള വീടുകളിൽ ബാക്കിയുള്ള ആളുകൾക്ക് ചെള്ളുപനിയുടെ ലക്ഷണങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കുകയും ഡോക്സിസൈക്ലിൻ പ്രതിരോധ ഗുളികകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>വീടിന്റെ പരിസരത്തുള്ള പാഴ്ച്ചെടികളും കളകളും വെട്ടി നശിപ്പിച്ച് അവയിൽ ചെള്ളിന്റെ സാന്നിദ്ധ്യം നശിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്ക്രബ് ടൈഫസിന് കാരണമായ ചിഗർമൈറ്റ് (ചെള്ളുകൾ) കുറ്റിച്ചെടികളുടെ ഇലകളിൽ വിശ്രമിക്കുകയും അതിനോട് സാമീപ്യമുണ്ടാകുന്ന മനുഷ്യരുടെയും മൃഗങ്ങളുടെയും ശരീരത്തിൽ കയറിപ്പറ്റുകയും ചെയ്യുന്നു. പാഴ്ച്ചെടി നശിപ്പിക്കുന്നതു വഴി ഇത് നമുക്ക് ഒഴിവാക്കാൻ കഴിയും. |

| | | | |
|---|---|---|---|
| | | | അതോടൊപ്പം ചെള്ളുകളെ നശിപ്പിക്കാനായി 1% സിന്തെറ്റിക് പൈറിത്രോയ്ഡ് കീടനാശിനി കുറ്റിച്ചെടികളിലും, വീടിന് ചുറ്റും, എലിയുടെ സഞ്ചാര-പഥത്തിലും സ്പ്രേ ചെയുന്ന പ്രവർത്തിയും നടത്തി വരുന്നു.<br><br>വീട്ടിലും പരിസരത്തും ആഹാരവശിഷ്ടങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതിനെതിരെ ബോധവൽക്കരണം നടത്തി വരുന്നു.<br><br>ഖരമാലിന്യ സംസ്കരണം കൃത്യതയോടെ ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവത്കരണം നടത്തി വരുന്നു.<br><br>തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട ആളുകൾ കാട്, കുറ്റിച്ചെടികൾ എന്നിവ വെട്ടിത്തെളിക്കുന്ന സമയത്ത് കാലുകൾ, കൈകൾ മറ്റ് ശരീരഭാഗങ്ങൾ എന്നിവ കഴിയുന്നതും മറയ്ക്കുന്ന തരത്തിലുള്ള വസ്ത്രധാരണം നടത്തുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവത്ക്കരണം നടത്തി വരുന്നു.<br><br>തുണികൾ കഴുകിയതിനു ശേഷം പുല്ലുകളിലും മറ്റും ഇട്ട് ഉണക്കുന്നതിനെതിരെയുംബോധവൽക്കരണം നൽകി വരുന്നു.<br><br>ഇന്റർസെക്ടറൽ മീറ്റിംഗുകളിൽ അഗ്രികൾച്ചറൽ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ റോഡന്റ് കൺട്രോൾ ആക്ടിവിറ്റീസ് നടത്തുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇതുകൂടാതെ സോഷ്യൽ മീഡിയകളായ ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ്, യൂട്യൂബ് എന്നിവ വഴിയും ജില്ലകളിലെ മാസ് മീഡിയ വിഭാഗം വഴിയും ചെള്ളുപനി ബാധിച്ച പ്രദേശവാസികൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ രോഗം വരാതിരിക്കാനുള്ള പ്രതിരോധ മാർഗ്ഗങ്ങൾ എന്നിവയുടെ IEC വഴിയുള്ള ആരോഗ്യ വിദ്യാഭ്യാസം നൽകി വരുന്നു.<br><br>ആരോഗ്യ മേഖലയിലെ മുഴവൻ ജീവനക്കാരുമായി സ്ക്രബ് ടൈഫസിനെ കുറിച്ചുള്ള ആരോഗ്യ വിദ്യാഭ്യാസ ക്ലാസ് ഓൺ ലൈനായി 21/06/2022 -ന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ